**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**ബത്തേരി ഭദ്രാസനം**

Dr.Joseph Mar Thomas
Bishop of Bathery

Dharmapitam
Catholic Bishop House
Sulthan Bathery P.O
Pin 673592

UNTO LIFE ETERNAL

CPL. No. 06/2019

**സർക്കുലർ**

# പ്രകൃതി ദുരന്തം 2019

വന്ദ്യ ജനറാൾ അച്ചന്മാരെ, കോർഎപ്പിസ്ക്കോപ്പാമാരേ, എപ്പിസ്ക്കോപ്പൽ വികാരിമാരേ, വൈദികരേ, സന്യസ്തരേ, ശെമ്മാശന്മാരേ കർത്താവിൽ പ്രിയ വിശ്വാസികളെ!

ഇക്കഴിഞ്ഞ ആഗസ്ററ് 5 മുതൽ പെയ്ത വലിയ മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും ഫലമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ ജനങ്ങൾ അതികഠിനമായ ദുരിതങ്ങൾ അനുഭവിക്കുകയാണ്. ഈ പ്രകൃതിക്ഷോഭം മൂലം നൂറിൽപ്പരം ആൾക്കാർ മരിച്ചു, അനേകം ആൾക്കാരുടെ ഭവനം, ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ടു. ആരാധനാലയങ്ങൾ, സന്യാസഭവനങ്ങൾ എന്നിവയ്ക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു. ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് വയനാട്, മലപ്പുറം, എന്നീ ജില്ലകളിലെ സഹോദരങ്ങളാണ്. എല്ലാം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞത് രണ്ട് ലക്ഷത്തിൽപരം ആളുകൾ. നമ്മൾ ക്യാമ്പുകൾ സന്ദർശിച്ച് കഴിയുന്നത്ര സഹായങ്ങൾ എല്ലാവർക്കുമായി എത്തിച്ചു കൊടുത്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നമ്മുടെ ഭൂതാനം പള്ളി ഉൾപ്പെടെ പല സ്ഥാപനങ്ങളും, സന്യാസഭവനങ്ങളും നാം വിട്ടുകൊടുത്തു. നമ്മുടെ പിതാക്കന്മാർ,

താല്പര്യപ്പെടുന്നു. സർക്കാർ നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കാനുള്ള പ്രവർത്തനങ്ങൾ, വിവിധ ഏജൻസികളും, സന്നദ്ധസംഘടനകളും നൽകുന്ന സഹായങ്ങൾ ഉദ്ദേശിക്കപ്പെട്ടവർക്ക് ലഭ്യമാകുന്ന സുതാര്യമായ പ്രവർത്തനങ്ങൾ, എല്ലാറ്റിലുമുപരി ദൈവസ്നേഹവും, കരുണയും, പങ്കുവയ്ക്കുന്ന ശുശ്രൂഷകൾ ഈ ഒരു വർഷക്കാലം മുഴുവൻ നടത്തുവാൻ നമ്മുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

നമ്മുടെ ബാവ തിരുമേനി, മറ്റ് പിതാക്കന്മാർ, വൈദീകർ, സന്യസ്തർ, യുവജനങ്ങൾ, അത്മായ സഹോദരങ്ങൾ, അമ്മമാർ, കുഞ്ഞുങ്ങൾ, പൊതുസമൂഹം ഇവരെല്ലാം നൽകിയ സഹായത്തെ നന്ദിയോടെ ഓർക്കുന്നു. കെ.സി.ബി.സിയുടെ ആഹ്വാനപ്രാകാരം ആഗസ്റ്റ് 25 ാം തിയ്യതി പ്രാർത്ഥന ദിനമായി ആചരിക്കുകയും കെ.സി.ബി.സി. നിർദ്ദേശിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾ ഏവരും പ്രാവർത്തികമാക്കാൻ ശ്രദ്ധിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്ന, കരുണയുള്ളവർ ഭാഗ്യവാൻമാർ, അവർക്ക് കരുണ ലഭിക്കും (വി.മത്തായി 5:7) കർത്താവിന്റെ കരുണ എല്ലാവർക്കും എത്തിച്ച് നമുക്ക് കരുണയ്ക്കായി പ്രാർത്ഥിക്കാം.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

2019 ഓഗസ്റ്റ് 22
ധർമ്മപീഠം

**+ഡോ. ജോസഫ് മാർ തോമസ്**
(ബത്തേരി രൂപതാദ്ധ്യക്ഷൻ)

---

NB: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച്ച വി.കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

വൈദീകർ, സന്യസ്തർ, യുവജനങ്ങൾ, അത്മായ സഹോദരി സഹോദരന്മാർ തുടങ്ങി എല്ലാവരും ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മരിച്ചുപോയ സഹോദരങ്ങളെയും, പലവിധ വേദനയും, കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നവരെയും നമുക്ക് ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം.

ഗവൺമെന്റിനോടും, വിവിധ സന്നദ്ധ സംഘടനകളോടും ചേർന്ന് നമ്മുടെ വലിയ സേവനം കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ ദുരിതം അനുഭവിച്ചവർക്ക് നാം നൽകി. ശ്രേയസ്സ് കുടുംബംഗങ്ങളെയും, അവരോട് ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഈ വർഷവും നമ്മൾ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്താൻ ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ പൊതുസമൂഹത്തോട് ചേർന്ന് നിന്നു കൊണ്ട് ചുങ്കത്തറയിലും, പോത്തുകല്ലിലും ബത്തേരിയിലും നടന്ന സമൂഹ പുനർനിർമ്മിതി മീറ്റിംഗുകളിൽ, ഞാനും മുഖ്യ വികാരി ജനറാളച്ചനും, നമ്മുടെ വൈദീകരും, വിശ്വാസികളും പങ്കെടുത്ത് നമ്മുടെ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്. നമ്മുടെ രൂപതാസംബ്ലി നടന്ന സന്ദർഭത്തിൽ പ്രളയംമൂലം മരിച്ചവരെയും ദുരിതം അനുഭവിക്കുന്നവരെയും പ്രാർത്ഥനയിൽ നാം സമർപ്പിച്ചു. പുനരധിവാസ പ്രവർത്തനത്തിൽ രൂപത സജീവമായി പങ്കെടുക്കണമെന്ന് പൊതുവായി തീരുമാനിച്ചത് ഓർമ്മിക്കുമല്ലോ! സർക്കാരിനോടും, സമൂഹത്തോടും സന്നദ്ധസംഘടനകളോടും, നമ്മുടെ ശ്രേയസ്സിനോടും ചേർന്ന് നമ്മുടെ രൂപതയിലുള്ള എല്ലാ വ്യക്തികളും, കുടുംബങ്ങളും, ഇടവകകളും, സന്യാസ സമൂഹങ്ങളും, സ്ഥാപനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളിൽ നിർലോഭമായ സഹായസഹകരണങ്ങൾ നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നമ്മുടെ രൂപതയിൽ നിന്നും ഏതാനും പേരെ നിയോഗിക്കുകയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്ന കമ്മിറ്റിയുടെ ചെയർമാനായി നമ്മുടെ മുഖ്യ വികാരി ജനറാൾ വന്ദ്യ മോൺ. മാത്യൂ അറമ്പൻകുടി കോർ എപ്പിസ്ക്കോപ്പായെയും, കമ്മിറ്റി അംഗങ്ങളായി റവ. ഫാ. സെബാസ്റ്റ്യൻ ഇടയത്ത്, വെരി റവ.ഫാ.തോമസ് ക്രിസ്തുമന്ദിരം, വെരി റവ. ഫാ. റോയി വലിയപറമ്പിൽ, വെരി റവ. ഫാ. എൽദോ കാരിക്കൊമ്പിൽ, റവ. ഫാ.ആന്റോ ഇടക്കളത്തൂർ, മദർ പരിമള എസ്. ഐ. സി, മദർ ശുഭ തെരേസ് ഡി. എം, റവ. ഫാ. സാമുവേൽ ഒ. ഐ. സി, ശ്രീ. രഞ്ജി (എം.സി. എ. രൂപതാ പ്രസിഡന്റ്) ശ്രീമതി മോളി(മാതൃവേദി രൂപതാ പ്രസിഡന്റ്), ശ്രീ. സിജു (എം.സി.വൈ.എം. രൂപതാ പ്രസിഡന്റ്), ശ്രീ. സാബു പൊൻമേലിൽ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, എടക്കര), ശ്രീ. തോമസ് പി.വി. (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, നിലമ്പൂർ), ശ്രീമതി ഫിലോമിന (രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) എന്നിവരെ നിയോഗിക്കുന്നു. ഈ കമ്മിറ്റി കൂടി ആലോചിച്ച് എടുക്കുന്ന നിർദ്ദേശങ്ങൾ എല്ലാവരും കാരുണ്യപൂർവ്വം പ്രാവർത്തികമാക്കണമെന്ന് താല്പര്യപ്പെടുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടത്തിൽ ക്യാമ്പുകൾ സന്ദർശിച്ച് കഴിയുന്നത്ര സഹായങ്ങൾ നമ്മൾ നൽകി. അടുത്ത ഘട്ടത്തിൽ നഷ്ടപ്പെട്ട വീടുകളും, ജീവനോപാധികളും, അനുബന്ധ പ്രവർത്തനങ്ങളും നടത്തണം. ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന ഒരു പ്രവർത്തനമാണ് നമ്മൾ വിഭാവനം ചെയ്യുന്നത്. ഈ കാലയളവിൽ നമ്മുടെ രൂപതയിൽ പെരുന്നാൾ, വിവാഹം, ജൂബിലി, മറ്റ് ആഘോഷങ്ങൾ തുടങ്ങിയവ കഴിയുന്നതും ലളിതമായി നടത്താൻ ശ്രദ്ധിക്കുകയും ഏതെങ്കിലും ആഡംബരത്തിന് വേണ്ടി ഉപയോഗിക്കുന്ന പണം ഉണ്ടെങ്കിൽ അത് എല്ലാവരും പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്യണമെന്ന്